പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3533 24/06/2013-ൽ മറുപടിക്ക്

## ആദിവാസി കുട്ടികളുടെ സ്കൂൾ പഠനം

ചോദ്യം മറുപടി

ശ്രീ. പി.ഉബൈദുള്ള : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി കുട്ടികൾ സ്കൂളിൽ നിന്നും പഠനം നിറുത്തി പോകുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആദിവാസി മേഖലകളിൽ ഈ വർഷം ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ കണക്കുകൾ പട്ടികവർഗ്ഗ വകുപ്പിൽ ലഭ്യമാണോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>**അവയിൽ പ്രധാനമായവ:-**<br>1. 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ.<br>2. 107 പ്രീമെട്രിക് ഹോസ്റ്റലുകൾ<br>3. 03 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ.<br>4. 1-ാം ക്ലാസ് മുതൽ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്.<br>5. പ്രൈമറി തലത്തിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്-പ്രതിമാസം 50/- രൂപ നിരക്കിൽ 10 മാസം<br>6. പ്രാക്തന-പിന്നണി ഗോത്രങ്ങളിലേയും ട്രൈബൽ സ്കൂളുകളിലേയും കുട്ടികൾക്ക് യൂണിഫോം, കുട,ചെരിപ്പ്.<br>7. പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും സൗജന്യമായി ലഭിക്കാത്ത 9 ഉം, 10ഉം ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിശീർഷം 370/- രൂപ നിരക്കിൽ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും. |

| | | | |
|---|---|---|---|
| | | | 8. 1 മുതൽ 10വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കൂളിലേയ്ക്ക് പോക്കുവരവിന് ഓട്ടോറിക്ഷ/ ജീപ്പ്/വാൻ/ബസ്സ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഗോത്ര സാരഥി എന്ന പേരിൽ 2013-14 മുതൽ ഒരു പുതിയ പദ്ധതി(പി.ടി.എ-യുടെ സഹകരണത്തോടെ<br>9. ഇതിനും പുറമെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും, എസ്.റ്റി പ്രമോട്ടർമാരും വാർഡ് മെമ്പർമാരുമൊത്ത് കോളനികളിൽ കയറിയിറങ്ങി കുട്ടികളേയും, രക്ഷിതാക്കളേയും ബോധവൽക്കരിച്ചും പ്രേരിപ്പിച്ചും കൊഴിഞ്ഞു പോക്ക് തടയാൻ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ